**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1776** **12-09-2023 - ൽ മറുപടിയ്ക്ക്**

**കൃഷി അസിസ്റ്റന്റിന്റെ യോഗ്യതകളിൽ മാറ്റം വരുത്താൻ സ്പെഷ്യൽ റൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിലെ ജീവനക്കാരുടെ യോഗ്യതകൾ നിർണയിച്ചുകൊണ്ടുള്ള സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | കൃഷി വകുപ്പിലെ സ്റ്റേറ്റ് സർവ്വീസ് ജീവനക്കാരുടെ യോഗ്യതകൾ നിർണയിച്ചു കൊണ്ടുള്ള സ്പെഷ്യൽ റൂൾ സ.ഉ(കൈ)നം.3/2021/കൃഷി തീയതി 12.02.2021 പ്രകാരം നിലവിലുണ്ട്.<br><br>എന്നാൽ കൃഷി വകുപ്പിലെ നോൺ ഗസറ്റഡ് (സബോർഡിനേറ്റീവ് സർവ്വീസ്) ജീവനക്കാരുടെ യോഗ്യതകൾ നിർണയിച്ചു കൊണ്ടുള്ള സ്പെഷ്യൽ റൂൾ പരിശോധന ഘട്ടത്തിലാണ്. |
| (ബി) | കൃഷി അസിസ്റ്റന്റിന്റെ നിലവിലുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | കൃഷി അസിസ്റ്റന്റിന്റെ നിലവിലെ യോഗ്യതകൾ സ.ഉ(കൈ)നം.93/2019/കൃഷി തീയതി 12.07.2019 പ്രകാരം ചുവടെ കാണുന്നവയാണ്.<br><br>എ (i) കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും നൽകപ്പെടുന്ന ഡിപ്ലോമ ഇൻ അഗ്രികൾച്ചർ/ ഡിപ്ലോമ ഇൻ ഓർഗാനിക് അഗ്രികൾച്ചർ, ആയതിന്റെ അഭാവത്തിൽ ,<br><br>(ii)അഗ്രികൾച്ചറിലുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ്,<br><br>(ബി) നല്ല കായിക ശേഷി |
| (സി) | സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തുകൊണ്ട് കൃഷി അസിസ്റ്റന്റിന്റെ യോഗ്യതകളിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | കരട് സ്പെഷ്യൽ റൂൾ പരിശോധന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ